## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2083 18.06.2013-ൽ മറുപടിക്ക്

### കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ഇളവുകൾ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകുന്നത് എന്ന് വിശദമാക്കുമോ ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി)

(എ) കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിക്കുകയും ആയതിൻ പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും ഈ ഇനത്തിൽ 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി അംഗീകരിക്കുകയുമുണ്ടായി. അതോടൊപ്പം നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാറിന്റെ പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി കാർഷിക വായ്പ പലിശ രഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം

| | |
|---|---|
| | നെൽകൃഷിക്കുള്ള വായ്പ പൂർണ്ണമായും പലിശ രഹിതമായിട്ടാണ് നൽകുന്നത്. |
| (ബി) എത്ര കർഷകർക്ക് ഈ ആനുകൂല്യം കഴിഞ്ഞവർഷം ലഭ്യമായിട്ടുണ്ട് ; | (ബി) 7238 കർഷകർക്ക്. |
| (സി) ഇക്കാര്യത്തിൽ സഹകരണ സംഘങ്ങളുടെ ഭാഗത്തു നിന്നും എന്തെങ്കിലും അനാസ്ഥയുണ്ടായിട്ടുണ്ടോ ; | (സി) ചില സഹകരണ സംഘങ്ങളുടെ ഭാഗത്ത് നിന്നും അനാസ്ഥയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ വീഴ്ച വരുത്തിയ സംഘങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ